തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 1996-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില സൊസൈറ്റികളും സംബന്ധിച്ച കൂടുതൽ ചുമതലകളും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് മുഖ്യമന്ത്രിക്കുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: സർ, പരിസ്ഥിതി കമ്മറ്റിയുടെ ഏഴാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

VIII. റിപ്പോർട്ട് പരിഗണന

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ മുപ്പത്തിരണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ശ്രീ. തമ്പാനൂർ രവി: സർ, പ്രിവിലേജസ് കമ്മിറ്റിയുടെ ഏഴ്, എട്ട്, ഒൻപത് എന്നീ റിപ്പോർട്ടുകളും പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ചെയർമാനുവേണ്ടി ഞാൻ അവതരിക്കുന്നു.

പ്രിവിലേജസ് കമ്മിറ്റിയുടെ ഏഴ്, എട്ട്, ഒമ്പത് ഏന്നീ റിപ്പോർട്ടുകളും സഭ അംഗീകരിപ്പിച്ചു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, എനിക്ക് പ്രിവിലേജസ് കമ്മിറ്റിയുടെ റിപ്പോർട്ടിനെക്കുറിച്ച് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്താനുണ്ട്. പ്രിവിലേജസ് കമ്മിറ്റിയുടെ റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കരുതെന്നാണ് എനിക്ക് അങ്ങയോട് പറയാനുള്ളത്. ഈ സഭയുടേയും സഭയിലെ അംഗങ്ങളുടേയും സഭ അങ്ങേയ്ക്ക് നൽകിയിട്ടുള്ള അധികാരത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് രൂപീകരിക്കുന്ന നിയമസഭാ സമിതിയുടെ അന്തസ്സിനെ പരസ്യമായി ഹോദ്യം ചെയ്ത കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറായ മി. കെ. എസ്. വിജയൻ....

മി. സ്പീക്കർ: റിപ്പോർട്ടിന്റെ ഉള്ളടക്കത്തെപ്പറ്റി ഈ സമയത്ത് ചർച്ച അനുവദിക്കുന്നത് ശരിയല്ല. അങ്ങനെ ഒരു പതിവില്ല. നമുക്ക് അഭിപ്രായങ്ങൾ ഉണ്ടാകാം. പക്ഷേ അത് പറയേണ്ട സമയത്ത് പറഞ്ഞാൽ മതി. റിപ്പോർട്ട് സമർപ്പണ സമയത്ത് ഡിസൻറ് കാണിക്കാൻ പാടില്ല. ശ്രീ. സി പി. ബാലൻ വൈദ്യർ,.....

LIBRARY ARCHIVES Kerala Legislative Assembly